"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ഫുൾ ടൈം എംപ്ലോയീസ് ഓർഗനൈസേഷൻ ഉന്നയിച്ച ആവശ്യങ്ങൾ പഠിച്ച ശേഷം റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് കൊണ്ട്- ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

G.O.(Rt) No.1416/2026/LSGD തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-

1. പഞ്ചായത്ത് ഫുൾടൈം എംപ്ലോയീസ് ഓർഗനൈസേഷന്റെ 09/10/2025 ലെ നിവേദനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 08.09.2021 ലെ PAN/602/2019-E9(DP) നമ്പർ കത്ത്.
3. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 6991/2026 നം കേസിലെ 24.02.2026 ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് ഫുൾ ടൈം എംപ്ലോയീസ് ഓർഗനൈസേഷൻ ഫയൽ ചെയ്ത WP(C) 6991/2026 കേസിൽ നിവേദനങ്ങൾ (Exhibit P5, Exhibit P7) പരിഗണിച്ച്, അപേക്ഷകനെ നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകി മൂന്ന് മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനും, തീരുമാനം എടുക്കുമ്പോൾ Exhibit P6 കൂടി പരിഗണിക്കേണ്ടതാണ് എന്നും ബഹു ഹൈക്കോടതി പരാമർശം (3) പ്രകാരം ഉത്തരവാകുകയുണ്ടായി.

2. 2015 വരെ പഞ്ചായത്തിലെ യോഗ്യതയുള്ള ഫുൾടൈം സ്വീപ്പർ ജീവനക്കാർക്ക് എൽ.ഡി ക്ലാർക്ക് തസ്തികയിലും, ഏഴാം ക്ലാസ് യോഗ്യതയുള്ള ജീവനക്കാർക്ക് പ്യൂൺ ആയും പ്രൊമോഷൻ നൽകിക്കൊണ്ടിരുന്നു എന്നും, എന്നാൽ 2015 ൽ ഒരു കേസ് നൽകുകയും, കോടതിയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് പഞ്ചായത്ത് ജോലിനോക്കുന്ന പാർട്ട് ടൈം സ്വീപ്പർ, ഫുൾ ടൈം സ്വീപ്പർ ജീവനക്കാർ ഒരു റൂളിലും ഉൾപ്പെടുന്നില്ല എന്നും അവർ പഞ്ചായത്ത് കണ്ടിജെന്റ് ജീവനക്കാർ ആണെന്നും കാണിച്ച് മുൻപ് ലഭിച്ചു കൊണ്ടിരുന്ന തസ്തികമാറ്റം തടഞ്ഞുവച്ചിരിക്കുന്നു എന്നും, പക്ഷെ മറ്റു വകുപ്പുകളിൽ പാർട്ട് ടൈം സ്വീപ്പർ, ഫുൾ ടൈം സ്വീപ്പർ ജീവനക്കാർ കേരളാ പാർട്ട് ടൈം കണ്ടിജെന്റ് റൂളിൽ ഉൾപ്പെടുന്നു എന്നും ടി ജീവനക്കാർ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും പ്രൊമാഷേനായി ഫുൾ ടൈം ആവുമ്പോൾ അതാത് വകുപ്പിലെ സബോർഡിനേറ്റ് റൂളിൽ ഉൾപ്പെട്ട് പ്രൊമോഷൻ ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നു എന്നും, കേരള പാർട്ട് ടൈം കണ്ടിജെന്റ് റൂൾസിൽ ഉൾപ്പെടുന്ന ജീവനക്കാർ പ്രൊമാഷേൻ ആകുമ്പോൾ കിട്ടുന്ന ആനുകൂല്യങ്ങളും മറ്റും പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ജീവനക്കാർക്ക് ലഭിക്കുന്നില്ല എന്നും ഇത് തുല്യ നീതി നിഷേധവും, അവഗണനയും ആണ് എന്നും ആയതിനാൽ ഫുൾ ടൈം സ്വീപ്പറായ തങ്ങൾക്ക് മുൻപ് അനുവദിച്ചുകൊണ്ടിരുന്ന പ്രൊമോഷനും മറ്റു ആനുകൂല്യങ്ങളും നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് പഞ്ചായത്ത് ഫുൾ ടൈം എംപ്ലോയീസ്

ഓർഗനൈസേഷന്റെ പരാമർശം (1) ലെ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

3. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 180 (1) പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ പഞ്ചായത്തിലെ ഉദ്യാഗസ്ഥൻമാരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും, പ്രസ്തുത വ്യവസ്ഥ നിലനിൽക്കുന്നതിനാലാണ് വകുപ്പിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് അനുവദനീയമായ ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നത് എന്നും, ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 180 (1) ൽ കണ്ടിജന്റ് ജീവനക്കാർ ഒഴികെ എന്നതിന് പകരം പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെ എന്ന് ഭേദഗതി ചെയ്ത് അത് പ്രകാരം 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസിൽ ആയത് ഉൾപ്പെടുത്തുകയും ചെയ്യാവുന്നതാണ് എന്നറിയിച്ചു കൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ (Exhibit P6) അനുഭാവ പൂർവമായ നടപടികൾ ആണ് Exhibit P7 നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

4. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 02.05.2026 ന സംഘടന പ്രതിനിധികൾ, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി. നിലവിൽ പരിഗണനയിലുള്ള നിവേദനങ്ങൾക്ക് ന്യായവും യുക്തിസഹവുമായ പരിഗണന നൽകണമെന്നും, ഫുൾ ടൈം സ്വീപ്പർമാർക്ക് നിയമാനുസൃതമായി ലഭിക്കേണ്ട സേവനാനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണമെന്നും, കരട് സ്പെഷ്യൽ റൂൾസ് അന്തിമമാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട കക്ഷികളുമായി അർത്ഥപൂർണ്ണമായ കൂടിയാലോചന നടത്തണമെന്നും, കൂടാതെ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങളും നിയമവും നീതിയും സമത്വവും അനുസരിച്ച് യുക്തിസഹമായ തീരുമാനമെടുക്കണമെന്നും നേരിൽ കേട്ടപ്പോൾ സംഘടന പ്രതിനിധികൾ ആവശ്യപ്പെടുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഫുൾ ടൈം എംപ്ലോയീസ് ഓർഗനൈസേഷൻ ഉന്നയിച്ച ആവശ്യങ്ങൾ പഠിച്ച ശേഷം റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായി ഡെപ്യൂട്ടി സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് കൺവീനറായും, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ലോ ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടർ നിർദേശിക്കുന്ന ഫുൾ ടൈം എംപ്ലോയീസ് നിന്നുള്ള 3 പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു. കമ്മിറ്റി മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

6. മേൽ പ്രകാരം പരാമർശം (3) ലെ ബഹു ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHANAVAS S I A S
SPECIAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, തിരുവനന്തപുരം.
ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്.
ലോ ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി, പഞ്ചായത്ത് ഫുൾ ടൈം എംപ്ലോയീസ് ഓർഗനൈസേഷൻ, ഗോൾഡൻ ടവർ,

കൊല്ലക്കടവ് പി ഒ, ചെങ്ങന്നൂർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ& ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഇപിഎ2/119/2026-ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 02-08-2026
13:51:24

സെക്ഷൻ ഓഫീസർ.

പകർപ്പ്

സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്.
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്.